"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - സംസ്ഥാന വിഹിതം ലഭിക്കാതെ വന്നാൽ ആയതിന് നിശ്ചിയിച്ചിരുന്ന തുക കൂടി നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് ഈ വർഷത്തേക്ക് മാത്രം (2022-23) അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3096/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.11.2022 ന നടന്ന യോഗത്തിന്റെ തീരുമാനം 3.3

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് ധനസഹായം നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പൊതു/പട്ടികജാതി വിഭാഗത്തിന് തദ്ദേശ ഭരണ സ്ഥാപന വിഹിതം 6250 രൂപ, സംസ്ഥാന വിഹിതം 6250 രൂപ, ഗുണഭോക്തൃവിഹിതം 12,500 രൂപ എന്നിങ്ങനെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം സബ്സിഡി നൽകാം.

2. ഈ വർഷത്തേക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് മതിയായ വിഹിതം നൽകാൻ കഴിയില്ലെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന വിഹിതം ലഭിക്കാതെ വന്നാൽ, തദ്ദേശ ഭരണ സ്ഥാപനം തയ്യാറാകുന്നപക്ഷം, ഈ വർഷത്തേക്ക് മാത്രം (2022-23) ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് സംസ്ഥാന വിഹിതമായി നിശ്ചിയിച്ചിരുന്ന 6250 രൂപ കൂടി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. അടുത്ത വർഷം മുതൽ മൃഗസംരക്ഷണവകുപ്പ് മുഖേന നൽകേണ്ട വിഹിതം നൽകുന്നതിന് മൃഗസംരക്ഷണവകുപ്പ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
19. മൃഗസംരക്ഷണ വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 14-12-2022 10:49:28

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്